"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം- 14

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
(ഹാജർ: എസ്. വാഹിദ്)

എ3/19909/12 തീയതി:28.05.2013

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. ജി.ഒ.(പി) നം.85/2011/ഫിൻ തീയതി:26.02.11.
2. എ3/18323/12-ാം നമ്പർ 22.02.13-ലെ നടപടി ക്രമം.

-------------

പരാമർശം (1)-ലെ ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകൾ സംയോജിപ്പിച്ച് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്ന ഒറ്റ തസ്തികയാക്കുകയും എൽ.ഡി.ടൈപ്പിസ്റ്റ്, യു.ഡി.ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളുടെ റേഷ്യോ 1:1:1 എന്നാക്കി മാറ്റുകയും ചെയ്യുകയുണ്ടായി.

വ്യാവസായിക പരിശീലന വകുപ്പിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ 23 തസ്തികകളാണ് ഉള്ളത്. പരാമർശം (2)-ലെ ഉത്തരവ് പ്രകാരം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനത്തിലുണ്ടായിരുന്ന 3 ജീവനക്കാർക്ക് യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകിയതിനാൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ 3 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ടി ഒഴിവുകളിലേയ്ക്ക് ടൈപ്പിസ്റ്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന 3 യു.ഡി.ടൈപ്പിസ്റ്റുമാർക്ക് കെ.എസ്.&എസ്.എസ്.ആർ-ലെ പൊതുചട്ടം 28(ബി)(ii) പ്രകാരം 14620-25280 രൂപാ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരായി ടിയാൾക്കാരുടെ പേരിനു നേരെ ചേർത്തിരിയ്ക്കുന്ന തീയതി മുതൽ സ്ഥാനക്കയറ്റം നൽകി അതാത് സ്ഥാപനങ്ങളിൽ തന്നെ നിയമിച്ച് ഉത്തരവാകുന്നു.

സ്ഥാനക്കയറ്റം നൽകുന്ന ടൈപ്പിസ്റ്റുമാർ സേവനത്തിലുള്ള സ്ഥാപനങ്ങളിലെ ടൈപ്പിസ്റ്റ് തസ്തിക സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയാക്കി ഉയർത്തിക്കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നം | പേരും സ്ഥാപനവും | സീനിയോരിറ്റി നമ്പർ | ഉദ്യോഗക്കയറ്റ തീയതി |
|---|---|---|---|
| 1 | അനിൽകുമാർ.യു<br>ഐ.ടി.ഐ.(വ)<br>കൊല്ലം | 49 | 01.03.13 |
| 2 | രജനി.പി.എസ്.<br>ഐ.ടി.ഐ.(വ)<br>മെഴുവേലി | 52 | 02.04.13 |

മറുപുറം

| | | | |
|---|---|---|---|
| 3 | സീന.വി.ആർ<br>ഐ.ടി.ഐ.<br>ചന്ദനത്തോപ്പ് | 54 | 28.04.13 |

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ ജി.ഒ.(പി)നം.85/2011/ഫിൻ തീയതി:26.02.11 പ്രകാരമുള്ള ഓപ്ഷൻ നൽകേണ്ടതാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
(സ്ഥാപന മേധാവികൾ മുഖേന)

പകർപ്പ് :-1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
2. സി.എ. ടു ഡി.റ്റി., എ.ഡി.റ്റി.
3. വകുപ്പ് വെബ്സൈറ്റ്
4. എസ്.എഫ് (എ3).

// ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്.